കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 765/11/12/2024/റ്റി.വി.എം.**

ഹർജ്ജിക്കാരൻ : ജി.ശ്രീകുമാരൻ നായർ, ആഞ്ജനേയ,
വലിയവിളാകം, കഴക്കൂട്ടം, തിരുവനന്തപുരം .

എതിർകക്ഷി :

**ഉത്തരവ് തിയതി : 09-06-2025**

മേൽപ്പറഞ്ഞ പരാതിയിൽ 04-04-2025 തിയതിയിൽ കമ്മീഷൻ താഴെ പറയുന്ന ഉത്തരവ് പസാക്കുകയുണ്ടായി.

*"ഹർജികക്ഷി താമസിക്കുന്ന തിരുവനന്തപുരം നഗരസഭ കഴക്കൂട്ടം വാർഡിൽ വലിയവിളാകം പ്രദേശത്ത് കുറെ മാസങ്ങളായി ഒരു മുന്നറിയിപ്പും കൂടാതെ വെള്ളത്തിൻറെ ലഭ്യത പെട്ടെന്ന് നിലയ്ക്കുന്നതായും അന്വേഷണത്തിൽ എൻ.എച്ച് 66 ന്റെ പണിയുടെ ഭാഗമായി പൈപ്പ് ഇടയ്ക്കിടെ പൊട്ടുന്നതാണ് കാരണമെന്ന് മനസ്സിലായതായും. ഇത് സംബന്ധിച്ചു കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർക്ക് പരാതി നൽകിയിട്ട് നടപടിയൊന്നും ഉണ്ടാകുന്നില്ല എന്നും മറ്റുമാണ് പരാതി സംഗതി*

*പരാതി വിഷയത്തിൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ ഒരു റിപ്പോർട്ട് 26-03-2024 തീയതി സമർപ്പിച്ചു. കഴക്കൂട്ടം കടമ്പാട്ടുകോണം നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തികൾ നാഷണൽ ഹൈവേ അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടന്നുവരുന്നതായും പ്രസ്തുത റോഡിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ എല്ലാം തന്നെ പുതിയ റോഡിൻറെ വശങ്ങളിലേക്ക് മാറ്റി സ്ഥാപിച്ച് നിലവിലുള്ള എല്ലാ കുടിവെള്ള കണക്ഷനുകളും പുതിയ പൈപ്പ് ലൈനുകളിലേക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തിയും. റോഡിൻറെ നിർമ്മാണ പ്രവർത്തികൾ നടക്കുന്ന സമയങ്ങളിൽ പൈപ്പ് ലൈനുകൾക്ക് ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതും നാഷണൽ ഹൈവേ അതോറിറ്റിയുടെ മേൽനോട്ടത്തിൽ കരാർ ഏറ്റെടുത്തിരിക്കുന്ന കമ്പനി തന്നെയാണെന്നും, നിലവിൽ മെഷിനറി ഉപയോഗിച്ച് റോഡിൻറെ നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോൾ പൈപ്പ് ലൈനുകൾ അടിക്കടി തകരാറിലാകാറുണ്ടെന്നും ഇവ യഥാസമയം പരിഹരിക്കുന്നുണ്ടെന്നും, പരിഹരിച്ചു കഴിഞ്ഞാൽ ഉടൻതന്നെ വാൽവുകൾ തുറക്കുകയും ചെയ്യുന്നുണ്ടെന്നും. ലീക്കുകൾ ഉണ്ടാകുന്നത് അപ്രതീക്ഷിത മായതിനാൽ പലപ്പോഴും ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കാൻ സാധിക്കുന്നില്ല*

എന്നും എന്നിരുന്നാലും പരമാവധി വേഗത്തിൽ തകരാറുകൾ പരിഹരിക്കുന്നുണ്ടെന്നും നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കി : പുതിയ പൈപ്പ് ലൈനുകൾ കമ്മിഷൻ ചെയ്യുന്നതോടെ പരാതിക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ് എന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 04..04..2025 തിയതി ഹർജിക്കക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു. കഴക്കൂട്ടം ഭാഗത്ത് സൗകര്യപ്രദമായ സ്ഥലത്ത് ഒരു സെൻട്രൽ വാൽവ് സ്ഥാപിച്ചാൽ ഇതിന് താൽക്കാലികമെങ്കിലും പരിഹാരം കാണാമെന്നും, കഴക്കൂട്ടം കഴിഞ്ഞ് ഉദ്ദേശം രണ്ട് കിലോമിറ്റർ വടക്കോട്ട് മാറിയാണ് എൻഎച്ച് 66 ന്റെ പണി നടക്കുന്നതെന്നും ആയതിനാൽ കഴക്കൂട്ടം ജംഗ്ഷനിൽ ഒരു വാൽവ് സ്ഥാപിച്ചാൽ ആവശ്യമുള്ളപ്പോൾ അടയ്ക്കാനും തുറക്കാനും സാധിക്കുമെന്നും തങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമെന്നും ഹർജികക്ഷി പറയുകയുണ്ടായി. ഹർജികക്ഷിയുടെ ഈ നിർദ്ദേശം കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ഗൗരവമായി പരിഗണിക്കേണ്ടതാണ്. കുടിവെള്ളം ലഭ്യമാക്കേണ്ടത് മൗലിക അവകാശമാണ്. ആയതിനാൽ ബന്ധപ്പെട്ട അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനിയർ ഒരു സൈറ്റ് ഇൻസ്പെക്ഷൻ അടിയന്തരമായി ചെയ്യേണ്ടതും സ്ഥലപരിശോധനയ്ക്ക് മുമ്പ് പരാതികക്ഷിക്കും ബന്ധപ്പെട്ട നഗരസഭ വാർഡ് കൗൺസിലർക്കും മുൻകൂട്ടി നോട്ടീസ് നൽകേണ്ടതുമാണ്. പ്രസ്തുത പരിശോധനയിൽ കഴക്കൂട്ടം ജംഗ്ഷനിൽ വാൽവ് സ്ഥാപിച്ചാൽ പരാതിക്കാരുടെ പ്രശ്നത്തിന് പരിഹാരം ആകുന്നുവെങ്കിൽ ആയത് അടിയന്തരമായി ചെയ്തു നൽകേണ്ടതാണ്. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കി Action Taken report ഉത്തരവ് ലഭിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ കമ്മിഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കേസ് 09:06:2025 തീയതിയിലെ കമ്മീഷൻ സിറ്റിംഗിൽ പരിഗണനയ്ക്കെടുക്കുന്നതാണ്.

അന്നേദിവസം രാവിലെ 10 മണിക്ക് സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയ അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനിയർ നേരിട്ട് ഹാജരായി കാര്യങ്ങൾ വിശദീകരിക്കേണ്ടതാണ്. പരാതികക്ഷിക്കും ഹാജരാകുന്നതിന് നോട്ടീസ് അയക്കുക".

2. 3-6-2025 ന് അസിസ്റ്റൻറ് എഞ്ചിനീയറും ഓവർസീയറും കൂടി പൈപ്പ് ലൈൻ ജോലികളുടെ കരാറുകാരായ National Highway ജീവനക്കാരുമായി സ്ഥല പരിശോധന നടത്തിയെന്നും ആവശ്യമായ ഭാഗത്ത് വാൽവ് സ്ഥാപിക്കുന്നതിന് ധാരണയായിട്ടുണ്ടെന്നും കൂടാതെ പരാതിക്കാരെയും വാർഡ് കൗൺസിലറെയും ഫോണിൽ ബന്ധപ്പെട്ട ശേഷം 5-6-2025 ന് അസിസ്റ്റൻറ് എഞ്ചിനീയറോടൊപ്പം സ്ഥല പരിശോധന നടത്തിയെന്നും വാൽവ് സ്ഥാപിക്കാനുള്ള നിർദ്ദേശം കരാറുകാർക്ക് നൽകിയെന്നും അതിനുവേണ്ട മെറ്റീരിയത്സ് ലഭ്യമാകുന്ന മുറയ്ക്ക് വാൽവ് സ്ഥാപിക്കുന്നതാണെന്നും നിലവിൽ പരാതി കക്ഷിക്ക് കുടിവെള്ളം ലഭിക്കുന്നുണ്ടെന്നും

കേരള വാട്ടർ അതോറിറ്റി വാട്ടർ വർക്സ് വെസ്റ്റ് സബ് ഡിവിഷൻ പോങ്ങുമ്മൂട് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച 06-06-2025 തിയതിയിലെ റിപ്പോർട്ടിൽ പറഞ്ഞു കാണുന്നു.

3. കേസ് പരിഗണനക്ക് എടുത്ത ഇന്ന് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി തൻെറ പരാതിക്ക് ഒരു പരിഹാരവും ആയിട്ടില്ലെന്ന് ബോധിപ്പിച്ചു.

4. ഈ സാഹചര്യത്തിൽ, പൈപ്പ് ലൈൻ ജോലികൾ കരാർ എടുത്ത National Highway അധികാരികളുമായി ബന്ധപ്പെട്ട് അവർ ഉറപ്പു നൽകിയതുപോലെ ആവശ്യമായ ഭാഗത്ത് ആറാഴ്ചക്കുള്ളിൽ വാൽവ് സ്ഥാപിച്ച് പ്രശ്നത്തിന് പൂർണ്ണമായ പരിഹാരം ഉണ്ടാക്കിയിട്ടുണ്ടെന്ന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരനും സത്വര നടപടികൾ സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി വാട്ടർ വർക്സ് വെസ്റ്റ് സബ് ഡിവിഷൻ പോങ്ങുമ്മൂട് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ഈ ഉത്തരവിൻെറ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ